പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4403

28.06.2012- ലെ
മറുപടിക്ക്

# കയർപിരി മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ചേർത്തല താലൂക്കിലെ കയർപിരി മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ ണ്ടപ്പെട്ടിട്ടുണ്ടോ; | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ദേശീയ. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആവിർഭാവത്തോടെ കയർപിരി തൊഴിലാളികളെ പ്രസ്തുത തൊഴിലിനായി ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ താരതമ്യേന അദ്ധ്വാനഭാരം കുറവായതിനാൽ തൊഴിലാളികൾ വിട്ടുപോയിട്ടുണ്ട്. |
| (സി)കയർപിരി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന സംസ്ഥാന ഗ്രാമവികസന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി ആലപ്പുഴയിൽ നടത്തിയ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)തൊഴിലുറപ്പു പദ്ധതിയിൽ കയർപിരി മേഖലയെ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ടി. പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി)കയർപിരി മേഖലയിലെ മിനിമം കൂലിയായ 214 രൂപ കയർ തൊഴിലാളിക്ക് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 210 രൂപയെങ്കിലും കൂലി ലഭിക്കണമെന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. അതനുസരിച്ച് കുറഞ്ഞത് 210 രൂപ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| (ഇ)ചകിരി വില നിശ്ചയിച്ച് ത്തക്കി തൊഴിലാളിക്ക് കൊട്ടക്കകയും പിരിച്ച കയർ, വില നിശ്ചയിച്ച്, ത്തക്കി എടുക്കമ്പോൾ ഉണ്ടാകന്ന വിലയിലെ വ്യത്യാസമാണ് ചേർത്തല താലൂക്കിൽ കൂലിയായി കണക്കാക്കന്നത് എന്ന വിവരം അറിയുമോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അപ്രകാരമല്ല കൂലി നിശ്ചയിക്കുന്നതും കൊടുക്കുന്നതും. കയർപിരി കൂലി കയറിന്റെ റണ്ണേജ് അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുണ്ട്.. അതനുസരിച്ച് കൂലി നൽകി വരുന്നു. |
| (എഫ്)ചകിരിയുടെ ദൌർലഭ്യം നിമിത്തം പൊള്ളാച്ചിയിൽ നിന്നും വരുന്ന ചകിരിയെ ആശ്രയിച്ചാണ് ഈ വ്യവസായം നാമമാത്രമായെങ്കിലും നിലനിൽക്കന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) ഉണ്ട്. എന്നാൽ, തൊണ്ടു സംഭരണം ഊർജ്ജിതമാക്കി സംസ്ഥാനകത്തുള്ള ഡീഫൈബറിംഗ് മില്ലുകളിൽ ഇത് ചകിരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ജി)നനവുള്ള ചകിരിയിലെ ത്തക്കക്കൂടുതലും ഉണങ്ങിയ കയറിലെ ത്തക്കക്കുറവും പരിഗണിച്ചാൽ നാമമാത്രമായ കൂലിപോലും കിട്ടാതെ കയർ തൊഴിലാളികൾ പട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) ഇല്ല. |
| (എച്ച്)ദരിദ്രരായ കയർ തൊഴിലാളികളെ എ.പി.എൽ. ലിസ്റ്റിലാണ് ഉൾപ്പെടുത്തി യിട്ടുള്ളതെന്ന വിവരം ശ്രദ്ധയിൽപ് പെട്ടിട്ടുണ്ടോ; പ്രസ്തുത തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; | (എച്ച്) ഇല്ല. |
| (ഐ)ഉയർന്ന വിലയ്ക്ക് ചകിരി വാങ്ങി സർക്കാർ നിശ്ചയിച്ച മിനിമം കൂലി തൊഴിലാളിക്ക് കൊടുത്ത് കയർപിരി വ്യവസായം നടത്തിക്കൊണ്ടു പോകുവാൻ സാധിക്കില്ല എന്ന കയർ ഉടമകളുടെ ന്യായവാദം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഐ) ചകിരിയുടെ വിലയും കൂടി കണക്കിലെടുത്താണ് കയർ മേഖലയിൽ കൂലി നിശ്ചയിച്ചത്. മാത്രമല്ല, സർക്കാർ നിശ്ചയിച്ച കയർവില നിശ്ചയിക്കാനുള്ള കമ്മീഷനും ഇക്കാര്യങ്ങൾ പരിഗണിക്കുന്നുണ്ട്. മാത്രമല്ല തൊഴിലാളിയുടെ കൂലിയുടെ ഏകദേശം 50 ശതമാനത്തിൽ കൂടുതൽ കൂലി സർക്കാർ തന്നെ നൽകുകയും ചെയ്യുന്നു. |

| | |
|---|---|
| (ജെ)തൊഴിലാളികൾക്ക മിനിമം കൂലി ഉറപ്പുവരുത്തി കയർ ഉടമകൾക്ക് നഷ്ടം വരുത്താതെ പ്രസ്തുത വ്യവസായം സംരക്ഷിച്ചു നിർത്തുന്നതിനായി കയർ തൊഴിലാളികളെയും കയർ ഉടമകളെയും ട്രേഡ് യൂണിയൻ പ്രതിനിധികളെയും ചേർത്തല താലൂക്കിലെ നിയമസഭാംഗങ്ങളെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;<br>(കെ)പ്രസ്തുത യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് അധികാരമുള്ള ഒരു സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ? | (ജെ) &(കെ)<br>പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ